# കോപം ഒതുക്കിവെക്കുക.

كظم الغيظ

[ مليالم – Malayalam – മലയാളം]

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

سيد سعفر صادق

## കോപം ഒതുക്കി വെക്കുക.

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

പ്രപഞ്ച നാഥനിൽ നിന്ന് അവതീർണമായ ഇസ്ലാം നൂറ് ശതമാനവും പ്രകൃതിക്കനുയോജ്യമാണ്, അത് കൊ ് തന്നെ മനുഷ്യർക്ക് തികച്ചും അനുയോജ്യമായ നിയമങ്ങളാണ് ഇസ്ലാമിലുള്ളത്. വിശ്വാസ ശുദ്ധീകരണത്തോടൊപ്പം തന്നെ സ്വഭാവ സംസ്കരണവും മനുഷ്യന് അത്യാവശ്യമാണ്, ഒരു മനുഷ്യനെ മനുഷ്യനാക്കി തീർക്കുന്നത് വിശ്വാസ,സ്വഭാവ സംസ്കരണമാണ്.സന്തോഷിക്കുക, കോപിക്കുക, ദു:ഖിക്കുക, കരയുക, സങ്കടപ്പെടുക, വ്യസനിക്കുക തുടങ്ങിയ വികാരങ്ങൾ മനുഷ്യന്റെ പ്രകൃതിയിൽ തന്നെയുള്ളതാണ്. മനുഷ്യന്റെ മുഴുവൻ മേഖലകളിലേക്കും നിയമങ്ങൾ നിർദ്ദേശിക്കുന്ന ഇസ്ലാം മേൽ സൂചിപ്പിച്ച രംഗങ്ങളിലും ഓരോ വിശ്വാസിയും പാലിക്കേ  നിർദ്ദേശങ്ങൾ നൽകുന്നു ്. ഐശ്വര്യവും, സന്തോഷവും വരുന്ന രംഗങ്ങളിൽ അത് നൽകിയ രക്ഷിതാവിനെ മറന്ന് അതിര് കടക്കുവാൻ പാടില്ലെന്ന് വ്യക്തമാക്കുന്ന ഇസ്ലാം ദു:ഖവും, നിരാശയും ബാധിക്കുന്ന രംഗങ്ങളിൽ നിരാശനായി ജീവൻ ഹനിക്കുന്നതിനെ ഇസ്ലാം വലിയ പാപമായിട്ടാണ് പരിചയപ്പെടുത്തുന്നത്.അതുപോലെ കോപം വരുന്ന രംഗങ്ങളിൽ തന്റെ മനസിനെയും,ശരീരത്തെയും പിടിച്ച് നിറുത്തി കോപം ഒതുക്കുവാനും, ക്ഷമയവലംബിക്കുവാനും ഇസ്ലാം ശക്തമായി നിർദ്ദേശം നൽകുന്നു.അങ്ങിനെ കോപം വരുമ്പോൾ അതിനെ നിയന്ത്രിക്കുന്നവർക്കുള്ള അളവറ്റ പ്രതിഫലം വാഗ്ദാനം ചെയ്ത് കൊ ് കോപം ഒതുക്കി വെക്കാൻ പ്രോൽസാഹനം നൽകുകയും ചെയ്യുന്നു. കോപത്തെ കുറിച്ചും, അത് നിയന്ത്രിക്കാനുള്ള പ്രവാചക നിർദ്ദേശങ്ങളുമാണ് ചില വാചകങ്ങളിലൂടെ കുറിക്കുന്നത്.

**എന്നെ ഉപദേശിക്കുക:**

പ്രവാചകൻ(ﷺ)യുടെ ഉപദേശങ്ങൾക്ക് കാതോർത്തിരുന്ന സ്വഹാബികൾ പല സന്ദർഭങ്ങളിലും അവിടുത്തെ വസിയ്യത്തുകൾ ചോദിച്ചു വന്നിരുന്നു. ഒരാൾ വന്ന് തിരുദൂതരോട് പറയുകയു  ായി: അങ്ങ് എന്നെ ഉപദേശിച്ചാലും. ഹദീഥ് കാണുക:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَجُلًا قَالَ لِلنَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَوْصِنِي قَالَ لَا تَغْضَبْ فَرَدَّدَ مِرَارًا قَالَ لَا تَغْضَبْ) (بخاري)

അബൂഹുറയ്റ(رضي الله عنه) നിവേദനം: ഒരാൾ നബി(ﷺ)യുടെ അരികിൽ വന്ന് കൊ ് പറഞ്ഞു: എനിക്ക് താങ്കൾ വസിയ്യത്ത് നൽകുക. അവിടുന്ന് പറഞ്ഞു: നീ കോപിക്കരുത്. അതാവർത്തിച്ച് ചോദിച്ചപ്പോഴും അവിടുന്ന് മറുപടി പറഞ്ഞു: നീ കോപിക്കരുത്. (ബുഖാരി)

**നന്മ ചെയ്യുന്നവർ:**

(الَّذِينَ يُنْفِقُونَ فِي السَّرَّاءِ وَالضَّرَّاءِ وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ وَاللَّهُ يُحِبُّ الْمُحْسِنِينَ)

(آل عمران: 134)

'(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാന ധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പു നൽകുകയും ചെയ്യുന്നവർക്ക് വേ ി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു' (ആലു ഇംറാൻ: 134).

**ശക്തിയല്ല മാനദണ്ഡം:**

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَيْسَ الشَّدِيدُ بِالصُّرَعَةِ إِنَّمَا الشَّدِيدُ الَّذِي يَمْلِكُ نَفْسَهُ عِنْدَ الْغَضَبِ) ( بخاري)

അബൂഹുറൈറ(ﷺ) നിവേദനം: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ശക്തവാൻ എന്നാൽ (ആളുകളെ) മൽപിടുത്തം നടത്തി കീഴ്പ്പെടുത്തുന്നവനല്ല, മറിച്ച് കോപം വരുമ്പോൾ സ്വന്തം ശരീരത്തെ നിയന്ത്രിക്കുന്നവനാണ് ശക്തവാൻ' (ബുഖാരി)

**പ്രഥമ ഘട്ടത്തിൽ:**

കോപമു ാകുന്ന പ്രഥമ ഘട്ടത്തിൽ തന്നെ അതിനെ നിയന്ത്രിക്കേ തു ്, അതല്ലാതെ കോപം കാരണത്താൽ ചെയ്യേ തെല്ലാം ചെയ്തതിന് ശേഷം വരാനുള്ള അപകടങ്ങളെല്ലാം സംഭവിച്ചതിന് ശേഷം കോപത്തെ നിയന്ത്രിച്ചിട്ട് കാര്യമില്ല. താഴെ വരുന്ന ഹദീസ് നമ്മെ അതാണ് പഠിപ്പിക്കുന്നത്.

(عَنْ أَنَسِ بْنِ مَالِكٍ رَضِي اللَّه عَنْه قَالَ مَرَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ بِامْرَأَةٍ تَبْكِي عِنْدَ قَبْرٍ فَقَالَ اتَّقِي اللَّهَ وَاصْبِرِي قَالَتْ إِلَيْكَ عَنِّي فَإِنَّكَ لَمْ تُصَبْ بِمُصِيبَتِي وَلَمْ تَعْرِفْهُ فَقِيلَ لَهَا إِنَّهُ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَأَتَتْ بَابَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَلَمْ تَجِدْ عِنْدَهُ بَوَّابِينَ فَقَالَتْ لَمْ أَعْرِفْكَ فَقَالَ إِنَّمَا الصَّبْرُ عِنْدَ الصَّدْمَةِ الْأُولَى) ( بخاري)

അനസ്ബ്നുമാലിക്(ﷺ) നിവേദനം: 'ഒരു ഖബറിനരികിൽ കരഞ്ഞ് കൊ ിരിക്കുന്ന സ്ത്രീയുടെ അരികിലൂടെ നബി(ﷺ) നടന്ന് പോയി. അവിടുന്ന് ആ സ്ത്രീയോട് പറഞ്ഞു: നീ അല്ലാഹുവിനെ സൂക്ഷിക്കുകയും, ക്ഷമിക്കുകയും ചെയ്യുക. അവർ പറഞ്ഞു: എനിക്ക് ബാധിച്ച അപകടം താങ്കളെ ബാധിച്ചില്ലല്ലോ, താങ്കൾ പിന്തിരിഞ്ഞ് പോവുക. അവർക്ക് തിരുമേനിയെ മനസിലായിരുന്നില്ല. ആരോ അവരോട് അത് നബി(ﷺ)യാണെന്ന് പറഞ്ഞു. അങ്ങിനെ അവർ നബി(ﷺ)യുടെ വാതിലിനടുത്ത് വന്നു, തിരുദൂതരുടെ അടുത്ത് പാറാവുകാരെ ക ില്ല,അവർ പറഞ്ഞു: എനിക്ക് താങ്കളെ മനസിലായില്ല. അവിടുന്ന് പറഞ്ഞു: നിശ്ചയം, ക്ഷമ, അതിന്റെ ആദ്യഘട്ടത്തിലാണ് വേ ത്'.(ബുഖാരി).

**കോപം വന്നാൽ**

കോപം വരുന്ന വേളയിൽ വിശ്വാസി പാലിക്കേ മര്യാദകൾ റസൂലുല്ലാഹ് (ﷺ) വിശദമാക്കുന്നത് കാണുക:

(عَنْ مُعَاذِ بْنِ جَبَلٍ رَضِيَ اللَّهُ عَنْهُ قَالَ اسْتَبَّ رَجُلَانِ عِنْدَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حَتَّى عُرِفَ الْغَضَبُ فِي وَجْهِ أَحَدِهِمَا فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنِّي لَأَعْلَمُ كَلِمَةً لَوْ قَالَهَا لَذَهَبَ غَضَبُهُ أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ) (الترمذي)

മുആദ്ബ്നു ജബൽ(   ) നിവേദനം: നബി(   )ക്കരികിൽ വെച്ച് ര□ ാളുകൾ പരസ്പരം വഴക്കടിക്കുകയു□ ായി. അവരിൽ ഒരാളുടെ മുഖത്ത് കോപമു□ ന്ന് മനസിലായപ്പോൾ നബി(   ) പറഞ്ഞു: നിശ്ചയം, എനിക്ക് ഒരു പദമറിയാം, അത് പറയുകയാണെങ്കിൽ അവന്റെ കോപം നീങ്ങി പോകുന്നതാണ്. അത്:'ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനോട് ഞാൻ കാവൽ ചോദിക്കുന്നു'. (തിർമിദി).

" عَنِ ابْنِ عَبَّاسٍ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ عَلِّمُوا وَيَسِّرُوا وَلَا تُعَسِّرُوا وَإِذَا غَضِبَ أَحَدُكُمْ فَلْيَسْكُتْ " . قال الألباني في " السلسلة الصحيحة "

ഇബ്നുഅബ്ബാസ്(   ) നിവേദനം: നബി(   ) പറഞ്ഞു: 'നിങ്ങൾ പഠിപ്പിക്കുക, നിങ്ങൾ എളുപ്പമു□ ാക്കുക, നിങ്ങൾ പ്രയാസമു□ ാക്കരുത്, നിങ്ങളിലാരെങ്കിലും കോപിക്കുകയാണെങ്കിൽ അവൻ മൗനമായിരിക്കട്ടെ'. (ഇമാം അൽബാനി തന്റെ സിൽസിലതു സ്സ്വഹീഹയിൽ രേഖപ്പെടുത്തിയ ഹദീഥ്).

( عَنْ أَبِي ذَرٍّ قَالَ إِنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَنَا: إِذَا غَضِبَ أَحَدُكُمْ وَهُوَ قَائِمٌ فَلْيَجْلِسْ فَإِنْ ذَهَبَ عَنْهُ الْغَضَبُ وَإِلَّا فَلْيَضْطَجِعْ ) (رواه أحمد والترمذي) ( صحيح )

അബൂദർറ്(   ) നിവേദനം: റസൂലുല്ലാഹ്(   ) ഞങ്ങളോട് പറഞ്ഞു:'നിങ്ങളിലാരെങ്കിലും കോപിച്ചാൽ, നിൽക്കുകയാണെങ്കിൽ അവൻ ഇരിക്കട്ടെ, അവന്റെ കോപം നീങ്ങി പോവും, ഇല്ലെങ്കിൽ അവൻ കിടക്കട്ടെ'. (അഹ്മദ്, തിർമിദി)

**അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷ:**

(عَنْ عَبْدِ اللَّهِ بْنِ عَمْرٍو أَنَّهُ سَأَلَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَاذَا يُبَاعِدُنِي مِنْ غَضَبِ اللَّهِ عَزَّ وَجَلَّ قَالَ لَا تَغْضَبْ ) (أحمد)

അബ്ദുല്ലാഹ്ബ്നു അംറ്(   ) നിവേദനം: അദ്ധേഹം റസൂലുല്ലാഹ്(   )യോട് ചോദിച്ചു: ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ കോപത്തിൽ നിന്ന് എന്നെ അകറ്റി നിർത്തുന്ന കാര്യം എന്താണ്? അവിടുന്ന് പറഞ്ഞു: നീ കോപിക്കരുത്.

**കോപം ഒതുക്കുന്നവരുടെ പ്രത്യേകത:**

( عَنْ سَهْلِ بْنِ مُعَاذِ بْنِ أَنَسٍ عَنْ أَبِيهِ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ كَظَمَ غَيْظًا وَهُوَ يَقْدِرُ عَلَى أَنْ يُنَفِّذَهُ دَعَاهُ اللَّهُ عَلَى رُءُوسِ الْخَلَائِقِ يَوْمَ الْقِيَامَةِ حَتَّى يُخَيِّرَهُ فِي أَيِّ الْحُورِ شَاءَ قَالَ هَذَا حَدِيثٌ حَسَنٌ غَرِيبٌ *) (ابن ماجه وترمذي)

സഅ്ൽബ്നു മുആദ്ബ്നു അനസ് തന്റെ പിതാവിൽ നിന്ന്, നബി(   ) പറഞ്ഞു: 'താൻ ഉദ്ദേശിക്കുന്നത് നടപ്പിലാക്കുവാനുള്ള കഴിവും,സാധ്യതയുമു□ ായിട്ട് ആരാണോ തന്റെ കോപം ഒതുക്കിവെക്കുന്നത്, അവസാന നാളിൽ അവനെ അല്ലാഹു സൃഷ്ടികൾക്കിടയിൽ വെച്ച് വിളിക്കുകയും, അവൻ ഉദ്ദേശിക്കുന്ന സ്വർഗീയ

സുന്ദരികളെ തിരഞ്ഞെടുക്കുവാനുള്ള അവസരം നൽകുകയും ചെയ്യുന്നു' (ഇബ്നുമാജ, തിർമിദി, ഹസനായ ഹദീസ്)

റസൂൽ(ﷺ) കോപിച്ച സന്ദർഭങ്ങളും, വിട്ട്വീഴ്ച സന്ദർഭങ്ങളും ഏതെല്ലാം സമയത്താണ്, ഏതെല്ലാം കാര്യങ്ങൾക്കാണെന്ന് കൃത്യമായി മനസിലാക്കുകയും, അതനുസരിച്ച് ജീവിതത്തിൽ നടപ്പിലാക്കുകയും ചെയ്യേ□ ത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. വ്യക്തിപരമായ കാര്യത്തിനായി അവിടുന്ന് തീരെ കോപിച്ചില്ല, എന്നാൽ ദീനീ കാര്യങ്ങൾക്കായി അവിടുന്ന് വളരെയധികം കോപിക്കുകയും ചെയ്തിട്ടു□ ്. ഒരു ഹദീഥ് കാണുക:

( عَنْ عُرْوَةَ بْنِ الزُّبَيْرِ قَالَ سَأَلْتُ عَبْدَاللَّهِ ابْنَ عَمْرٍو عَنْ أَشَدِّ مَا صَنَعَ الْمُشْرِكُونَ بِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ رَأَيْتُ عُقْبَةَ بْنَ أَبِي مُعَيْطٍ جَاءَ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ يُصَلِّي فَوَضَعَ رِدَاءَهُ فِي عُنُقِهِ فَخَنَقَهُ بِهِ خَنْقًا شَدِيدًا فَجَاءَ أَبُو بَكْرٍ حَتَّى دَفَعَهُ عَنْهُ فَقَالَ ( أَتَقْتُلُونَ رَجُلًا أَنْ يَقُولَ رَبِّيَ اللَّهُ وَقَدْ جَاءَكُمْ بِالْبَيِّنَاتِ مِنْ رَبِّكُمْ ) (بخاري)

ഉർവ്വത്ബ്നു സുബൈർ പറയുന്നു, ഞാൻ അബ്ദുല്ലാഇബ്നു അംറിനോട് മുശ്രിക്കുകൾ പ്രവാചകനെ ഉപദ്രവിച്ചതിൽ ഏറ്റവും കാഠിന്യം നിറഞ്ഞത് ഏതാണെന്ന് ചോദിക്കുകയു□ ായി, അപ്പോൾ അദ്ദേഹം പറഞ്ഞു: നമസ്കരിക്കുകയായിരുന്ന നബി(ﷺ)ക്കരികിൽ ഉഖ്ബ ഇബ്നു അബൂമുഈത് വന്ന്കൊ□ ് തന്റെ ചുമലിലു□ ായിരുന്ന തട്ടമെടുത്ത് കൊ□ ് തിരുമേനിയുടെ കഴുത്തിൽ ബന്ധിക്കുകയും, ശക്തിയായി വലിക്കുകയും ചെയ്തു, അപ്പോൾ അബൂബക്കർ വന്ന് കൊ□ ് അദ്ദേഹത്തെ വലിച്ച് മാറ്റുകയു□ ായി,എന്നിട്ട് പറഞ്ഞു:'നിങ്ങളുടെ രക്ഷിതാവിൽ നിന്ന് വ്യക്തമായ ദൃഷ്ടാന്തം നിങ്ങൾക്ക് കൊ□ ു വന്ന്, എന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറഞ്ഞ ഒരുമനുഷ്യനെ നിങ്ങൾ വധിക്കുകയോ?'(ബുഖാരി)

ഉഖ്ബബ്നു അബൂമുഈത് പ്രവാചകനെ ഉപദ്രവിച്ചു,പക്ഷേ,അവിടുന്ന് കോപിച്ചില്ല, അല്ലാഹുവിനായി ക്ഷമിക്കുകയും വിട്ട്വീഴ്ച നൽകുകയും ചെയ്തു. റസൂലുല്ലാഹ്(ﷺ)ക്ക് ഏകദേശം പത്ത് വർഷത്തോളം സേവനം ചെയ്ത അനസ് (رضي الله عنه) പറയുന്നത് നാം കാണുക.

عن أَنَسٌ رَضِي الله عَنه قَالَ خَدَمْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ عَشْرَ سِنِينَ فَمَا قَالَ لِي أُفٍّ وَلَا لِمَ صَنَعْتَ وَلَا أَلَّا صَنَعْتَ ) (بخاري ومسلم)

അനസ്(رضي الله عنه)വിൽ നിന്ന്, ഞാൻ നബി(ﷺ)ക്ക് പത്ത് വർഷത്തോളം സേവനം ചെയ്തു, എന്നോട് തിരുമേനി 'ഛേ' എന്ന ഒരു വാക്ക് പറഞ്ഞില്ല, നീ എന്തിനാണ് ഇത് ചെയ്തത്? ഇങ്ങനെ നിനക്ക് ചെയ്ത് കൂടായിരുന്നുവോ എന്നും ചോദിച്ചിട്ടില്ല' (ബുഖാരി, മുസ്ലിം)

**മറ്റൊരു സംഭവം കാണുക.**

عَنْ جَابِرِ بْنَ عَبْدِاللَّهِ رَضِي اللَّه عَنهمَا أَخْبَرَهُ أَنَّهُ غَزَا مَعَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَأَدْرَكَتْهُمُ الْقَائِلَةُ فِي وَادٍ كَثِيرِ الْعِضَاهِ فَتَفَرَّقَ النَّاسُ فِي الْعِضَاهِ يَسْتَظِلُّونَ بِالشَّجَرِ فَنَزَلَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ تَحْتَ شَجَرَةٍ فَعَلَّقَ بِهَا سَيْفَهُ ثُمَّ نَامَ فَاسْتَيْقَظَ وَعِنْدَهُ رَجُلٌ وَهُوَ لَا يَشْعُرُ بِهِ فَقَالَ النَّبِيُّ صَلَّى اللَّه

عَلَيْهِ وَسَلَّمَ إِنَّ هَذَا اخْتَرَطَ سَيْفِي فَقَالَ مَنْ يَمْنَعُكَ قُلْتُ اللَّهُ فَشَامَ السَّيْفَ فَهَا هُوَ ذَا جَالِسٌ ثُمَّ لَمْ يُعَاقِبْهُ) (بخاري)

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ) നിവേദനം, അദ്ദേഹം നബി(ﷺ)യോടൊപ്പം യുദ്ധം ചെയ്യുകയു □ ായി, ജനങ്ങള്‍ പകലിന്റെ മധ്യത്തില്‍ വിശ്രമിക്കാനായി വലിയ മുള്ളുകളുള്ള മരത്തണലിലേക്ക് പോവുകയു □ ായി. അതുപോലെ നബി(ﷺ)യും ഒരു മരച്ചുവട്ടില്‍ വിശ്രമിക്കാനായി പോവുകയും,തന്റെ വാള്‍ ആ മരത്തില്‍ തൂക്കിയിടുകയും ചെയ്ത് അവിടുന്ന് ഉറങ്ങുകയും ചെയ്തു. അങ്ങിനെ ഉണര്‍ന്നപ്പോള്‍ അരികിലതാ ഒരാള്‍ നില്‍ക്കുന്നു. പ്രവാചകനത് അറിഞ്ഞില്ല. നബി(ﷺ) പറഞ്ഞു: അയാളെന്റെ വാള്‍ ഊരിയെടുത്ത് ചോദിച്ചു: ആരാണ് നിന്നെ തടയുക. ഞാന്‍ പറഞ്ഞു: അല്ലാഹു. അപ്പോഴദ്ധേഹം വാള്‍ ഉറയില്‍ തന്നെയിട്ട് അവിടുത്തേ മുന്നിലിരിക്കുകയും ചെയ്തു. പക്ഷേ, അവിടുന്ന് അദ്ധേഹത്തെ ശിക്ഷിച്ചില്ല. (ബുഖാരി)

ഇതുപോലെ ഒരുപാട് സംഭവങ്ങള്‍ റസൂലുല്ലാഹ്(ﷺ)യുടെ ജീവിതത്തില്‍ നമുക്ക് കാണാനാവും. ഇങ്ങനെയുള്ള സന്ദര്‍ഭങ്ങളിലെല്ലാം അവിടുന്ന് ക്ഷമയവലംബിക്കുകയും, വിട്ട് വീഴ്ച നല്‍കുകയുമാണ് ചെയ്തിരുന്നത്. എന്നാല്‍ ദീനിന്റെ ചെറിയ ചെറിയ കാര്യങ്ങളില്‍ പോലും അവിടുന്ന് അങ്ങേയറ്റം കോപിച്ചതായി നമുക്ക് കാണാം. തിരുദൂതരുടെ പേരകിടാങ്ങള്‍ സകാത്തിന്റെ മുതലില്‍ നിന്ന് ഒരു കാരക്കയെടുത്ത് തന്റെ വായയിലേക്കെടുത്തിട്ടപ്പോള്‍ അവിടുന്ന് ദേഷ്യപ്പെട്ട് കൊ □ ് അത് തുപ്പിക്കളയുവാന്‍ കല്‍പിച്ചു. കാരണം പ്രവാചകന്‍(ﷺ)യുടെ കുടുംബത്തിന് സകാത്ത് സ്വീകരിക്കാന്‍ പാടില്ലായെന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ചെറിയ കുട്ടിയാണത് ചെയ്തത് എന്നിട്ടും അവിടുന്ന് കോപിച്ചു. ഹദീഥ് കാണുക:

(عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ الْحَسَنَ بْنَ عَلِيٍّ أَخَذَ تَمْرَةً مِنْ تَمْرِ الصَّدَقَةِ فَجَعَلَهَا فِي فِيهِ فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كِخْ كِخْ أَمَا تَعْرِفُ أَنَّا لَا نَأْكُلُ الصَّدَقَةَ) (بخاري ومسلم)

അബൂഹുറയ്റ(ﷺ) നിവേദനം: അലി(ﷺ)വിന്റെ മകന്‍ ഹസന്‍(ﷺ) സക്കാത്തിന്റെ മുതലില്‍ നിന്ന് ഒരു കാരക്കയെടുത്ത് തന്റെ വായയിലിട്ടു. അപ്പോള്‍ നബി(ﷺ)പറഞ്ഞു: 'തുപ്പിക്കളയൂ, തുപ്പിക്കളയൂ.. നിനക്കറിയില്ലെ, നാം സകാത്തില്‍ നിന്ന് ഭക്ഷിക്കുകയില്ലായെന്ന്'. (ബുഖാരി, മുസ്‌ലിം)

എന്നാല്‍ സത്യവിശ്വാസികളെ നാം ദുന്‍യവിയായ കാര്യങ്ങള്‍ക്ക് വേ □ ി അങ്ങേയറ്റം കോപിക്കുകയും, മതപരമായ കാര്യങ്ങള്‍ക്കായി കോപിക്കാതിരിക്കുകയും ചെയ്യുന്നു. ഇത് ശരിയല്ലായെന്ന് നാം മനസിലാക്കുക. വ്യക്തിപരവും, ഐഹികവുമായ കാര്യങ്ങളില്‍ നാം ക്ഷമയവലംബിക്കുകയും, വിട്ട് വീഴ്ച ചെയ്യുകയും ചെയ്യുന്നതോടൊപ്പം ദീനീപരമായ കാര്യങ്ങള്‍ അത് എത്ര ചെറുതാണെങ്കിലും നാം കോപിക്കുകയും, വിട്ട്വീഴച ചെയ്യാതിരിക്കുകയും ചെയ്യുക. അതാണ് യഥാര്‍ത്ഥ മുസ്‌ലിം പ്രവാചകനില്‍ നിന്ന് പഠിക്കേ □  പാഠം. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.

************